LIBRARY ARCHIVES Kerala Legislative Assembly

വടകര താലൂക്കിലെ റീ-സർവ്വെ

136(3058) <u>ശ്രീമതി കെ. കെ. ലതിക</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വടകര താലൂക്കിൽ റീ-സർവ്വെ നടപടികൾ പൂർത്തിയാക്കുവാൻ ബാക്കിയുള്ള വില്ലേജുകൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത വില്ലേജുകളിൽ റീ-സർവ്വെ നടപടികൾ പൂർത്തിയാക്കുന്നതിൽ വന്ന കാലതാമസത്തിന്റെ കാരണം വ്യക്തമാക്കുമോ ;

(സി) പ്രസ്തുത റീ-സർവ്വെ നടപടികൾ എപ്പോൾ പൂർത്തിയാക്കും എന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) വടകര താലൂക്കിൽ അഴിയൂർ, എടച്ചേരി, ഇരിങ്ങണ്ണൂർ, നടപുറം, ചേക്കിയാട്, വാളയം, വണിമേൽ, വിളങ്ങാട്, തിനൂർ, നരിപ്പറ്റ, കാവിലുംപാറ, വേളം, വടകര മുനിസിപ്പാലിറ്റി, നടക്കുത്തായ, ഏറമല, എന്നീ വില്ലേജുകളിൽ റീ-സർവ്വെ നടപടികൾ പൂർത്തിയാക്കാൻ ബാക്കിയുണ്ട്.

(ബി) റീ-സർവ്വേയ്ക്ക് നിയോഗിക്കപ്പെട്ടിരുന്ന ഉദ്യോഗസ്ഥരുടെ സേവനം സർവ്വെ വകുപ്പ് ഏറ്റെടുത്ത അടിയന്തര പ്രാധാന്യമുള്ള മറ്റ് സർവ്വെ പ്രവർത്തനങ്ങൾക്ക് കൂടി ലഭ്യമാക്കേണ്ടിവന്നത് കാരണം റീ-സർവ്വെ നടപടികൾ പൂർത്തിയാക്കുന്നതിൽ കാലതാമസം വന്നിട്ടുണ്ട്.

(സി) 31-10-2012-ലെ ജി.ഒ.(എംഎസ്.)409/12/റവന്യൂ ഉത്തരവ് പ്രകാരം സംസ്ഥാനത്ത് നിലവിൽ റീ-സർവ്വെ പ്രവർത്തനം സർക്കാർ ഭൂമിയിലും അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് മാത്രം സ്വകാര്യ ഭൂമിയിലുമായി നിജപ്പെടുത്തിയിരിക്കുകയാണ്. റീ-സർവ്വെ പുനരാരംഭിക്കുന്ന മുറയ്ക്ക് വടകര താലൂക്കിലെ റീ-സർവ്വേ നടപടികളും പൂർത്തിയാക്കാൻ സാധിക്കുന്നതാണ്.

ഭൂമി കൈയേറ്റങ്ങൾ തടയാൻ നടപടികൾ

137(3059) <u>ശ്രീ. കെ. കെ. ജയചന്ദ്രൻ</u> :
<u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u> :
<u>ശ്രീ. കെ. വി. വിജയദാസ്</u> :
<u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടുക്കി ജില്ലയിൽ തുടർച്ചയായി നടക്കുന്ന ഭൂമി കയ്യേറ്റങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതിനകം എത്ര ഹെക്ടർ ഭൂമി അന്യാധീനപ്പെട്ടിട്ടുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ ;